ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 28.10.2024**

## പ്രധാനവാർത്തകൾ

1. പി.എം റോസ്ഗാർ മേളയുടെ ഭാഗമായി രാജ്യത്തുടനീളം 51,000 ത്തിലധികം യുവാക്കൾക്ക് പ്രധാന മന്ത്രി നരേന്ദ്രമോദി നാളെ നിയമന പത്രം കൈമാറും. കേന്ദ്ര മന്ത്രി ചിരാഗ് പാസ്വാൻ തിരുവനന്തപുരത്തും കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി എറണാകുളത്തും പരിപാടിയുടെ ഭാഗമാകും.

2. സംസ്ഥാനത്തെ വൈദ്യുതിമേഖലയിൽ പ്രകൃതിസൗഹൃദ സുസ്ഥിര വികസനമാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. സംസ്ഥാനത്ത് ഉപതെരഞ്ഞെടുപ്പ് പ്രചാരണം സജീവം. നാമ നിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന അവസാനിച്ചു.

4. വേമ്പനാട് കായൽ സംരക്ഷണത്തിന് ശാസ്ത്രീയതയായിരിക്കണം മാനദണ്ഡമെന്ന് മന്ത്രി പി. പ്രസാദ്.

RNU TVPM

5. സംസ്ഥാന പട്ടികവർഗ വികസന വകുപ്പ് സംഘടിപ്പിക്കുന്ന സ്കൂൾ കായികമേള കളിക്കളത്തിന് തിരുവനന്തപുരത്ത് തുടക്കം. തദ്ദേശീയ ജനവിഭാഗത്തിൽ നിന്ന് മെച്ചപ്പെട്ട കായിക താരങ്ങളെ വളർത്തിയെടുക്കാൻ മേള അവസരമൊരുക്കുമെന്ന് മന്ത്രി ഒ.ആർ.കേളു.

6. കേരളത്തിന്റെ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾക്ക് ലോകബാങ്കിന്റെ വാർഷിക യോഗത്തിൽ അഭിനന്ദനം.

**************************

## തൊഴിൽ മേള- പ്രധാനമന്ത്രി

പി.എം റോസ്ഗർ മേളയുടെ ഭാഗമായി പുതുതായി നിയമിതരായ യുവജനങ്ങൾക്കുള്ള 51,000-ത്തിലധികം നിയമന പത്രങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാവിലെ 10:30 ന് വീഡിയോ കോൺഫറൻസിംഗിലൂടെ വിതരണം ചെയ്യും. രാജ്യത്തുടനീളം 40 കേന്ദ്രങ്ങളിലാണ് റോസ്ഗർ മേളകൾ സംഘടിപ്പിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളിലേക്കും വകുപ്പുകളിലേക്കുമാണ് യുവാക്കൾക്ക് നിയമനം ലഭിക്കുക. തിരുവനന്തപുരത്ത് രാജീവ് ഗാന്ധി സെൻറർ ഫോർ ബയോ ടെക്നോളജിയിൽ നടക്കുന്ന പരിപാടി കേന്ദ്ര മന്ത്രി ചിരാഗ് പാസ്വാനും, എറണാകുളത്ത് നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപിയും ഉദ്ഘാടനം ചെയ്യും.

**************************

## പ്രധാനമന്ത്രി-സ്പെയിൻ (ഇൻട്രോ)

സ്പാനിഷ് പ്രധാനമന്ത്രി പെഡ്രോ സാഞ്ചസിന്റെ സന്ദർശനം ഇന്ത്യയും സ്പെയിനുമായി വിവിധ മേഖലകളിൽ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വ്യാപാരം, വാണിജ്യം, സംസ്കാരം, നവീകരണം, സാങ്കേതികവിദ്യ എന്നീരംഗങ്ങളിൽ വരും നാളുകളിൽ

RNU TVPM

കൂടുതൽ സഹകരണം ഉറപ്പുവരുത്തുമെന്നും പ്രധാനമന്ത്രി പറഞ്ഞു.
(വോയിസ്)
സ്പെയിൻ പ്രധാനമന്ത്രി പെദ്രോ സാഞ്ചസുനൊപ്പം ഗുജറാത്തിലെ വഡോദരയിൽ ടാറ്റ എയർക്രാഫ്ട് കോംപ്ലക്സ് ശ്രീ മോദി ഉദ്ഘാടനം ചെയ്തു. പടക്കോപ്പുകൾ കൊണ്ടുപോകുന്ന സി 295 സൈനിക വിമാനങ്ങളാണ് ഇവിടെ നിർമിക്കുന്നത്.

**************************

## ജലവൈദ്യുതപദ്ധതി

വൈദ്യുതിമേഖലയിൽ പ്രകൃതിസൗഹൃദ സുസ്ഥിര വികസനമാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തൊട്ടിയാർ ജലവൈദ്യുതപദ്ധതി മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു.പൊതുമേഖലയിൽ സംസ്ഥാനത്തെ 43 മത് ജലവൈദ്യുത പദ്ധതിയാണ് തൊട്ടിയാർ. 2040 ഓടെ കേരളം സമ്പൂർണ്ണ പുനരുപയോഗ ഊർജ്ജഅധിഷ്ഠിത സംസ്ഥാനമാകും. 60 മെഗാവാട്ട് ശേഷിയുള്ള പള്ളിവാസൽ വിപുലീകരണ പദ്ധതി അടുത്തമാസം പ്രവർത്തനക്ഷമമാകുമെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

**************************

## കളിക്കളം -2024

പട്ടികവർഗ വികസന വകുപ്പ് സംഘടിപ്പിക്കുന്ന ഏഴാമത് സംസ്ഥാനതല കായികമേള 'കളിക്കളം - 2024 ന് കൊടിയേറി. തിരുവനന്തപുരം കാര്യവട്ടം എൽ എൻ സി പി ഇ സ്റ്റേഡിയത്തിൽ നടക്കുന്ന കായികമേള മന്ത്രി ഒ ആർ കേളു ഉദ്ഘാടനം ചെയ്തു. തദ്ദേശീയ ജനവിഭാഗത്തിൽ നിന്ന് മെച്ചപ്പെട്ട കായിക താരങ്ങളെ വളർത്തിയെടുക്കാൻ കായികമേള വഴി സാധിക്കുമെന്ന് മന്ത്രി പറഞ്ഞു. തദ്ദേശീയ ജനവിഭാഗത്തിലെ വിദ്യാർത്ഥികളിലെ

കലാകായിക വാസനകൾ
പരിപോഷിപ്പിക്കുന്നതിനായി വയനാട് വെച്ച് നടക്കുന്ന സർഗോത്സവം പരിപാടിയിലേക്ക് എല്ലാ വിദ്യാർത്ഥികളെയും മന്ത്രി സ്വാഗതം ചെയ്തു.

***************************

## പി.പ്രസാദ്

വേമ്പനാട് കായൽ സംരക്ഷണത്തിന് ശാസ്ത്രീയതയായിരിക്കണം മാനദണ്ഡമെന്ന് മന്ത്രി പി. പ്രസാദ്. വേമ്പനാട് കായൽ പുരുജ്ജീവനവും സംരക്ഷണവും എന്ന വിഷയത്തിൽ ജില്ലാ ഭരണകൂടം സംഘടിപ്പിച്ച ഏകദിന ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വേമ്പനാട് കായലിന്റെ വെള്ളം സംഭരിക്കാനുള്ള ശേഷിയിൽ 75 ശതമാനത്തോളം കുറവുണ്ടായതായാണ് പഠനങ്ങൾ പറയുന്നത്. ഇത് ഗൗരവമായ വിഷയമാണെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

***************************

## സംസ്ഥാന കായികമേള

നവംബർ നാലിന് കൊച്ചിയിൽ ആരംഭിക്കുന്ന സംസ്ഥാന കായികമേളയുടെ ഉദ്ഘാടനം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ നടക്കുമെന്നു മന്ത്രി വി. ശിവൻകുട്ടി അറിയിച്ചു. ആദ്യം വേദിയായി നിശ്ചയിച്ചുരുന്ന കലൂർ അന്താരാഷ്ട്ര സ്റ്റേഡിയം സാങ്കേതികമായ കാരണങ്ങളാൽ മാറ്റാൻ തീരുമാനിക്കുകയായിരുന്നു. ചരിത്രത്തിൽ ആദ്യമായി രണ്ടായിരത്തോളം ഭിന്നശേഷി കുട്ടികൾ കായികമേളയുടെ ഭാഗമാകും. 17 വേദികളിലായി 24000 ഓളം കുട്ടികൾ മത്സരിക്കും.

***************************

## പ്രിയങ്ക ഗാന്ധി-വയനാട്

സംസ്ഥാനത്ത് ഉപതെരഞ്ഞെടുപ്പ് പ്രചാരണം സജീവമായി തുടരുന്നു. നാമ നിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന അവസാനിച്ചു. ഈ മാസം 30 നാണ് പത്രിക

പിൻവലിക്കാനുള്ള അവസാന തീയതി. അടുത്ത മാസം 13 ന് വോട്ടെടുപ്പും 23 ന് വോട്ടെണ്ണലും നടക്കും. ലോക്സഭാ ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാടിൽ യു.ഡി.എഫ്. സ്ഥാനാർഥി പ്രിയങ്ക ഗാന്ധി മീനങ്ങാടിയിൽ സംഘടിപ്പിച്ച തിരഞ്ഞെടുപ്പ് പ്രചരണ യോഗത്തെ ഇന്ന് അഭിസംബോധന ചെയ്തു. എൽ.ഡി.എഫ് സ്ഥാനാർഥി സത്യൻ മൊകേരി കൽപ്പറ്റ നിയോജകമണ്ഡലത്തിലാണ് പ്രചാരണം നടത്തുന്നത്. എൻ.ഡി.എ സ്ഥാനാർഥി നവ്യ ഹരിദാസിൻറെ പ്രചാരണം മാനന്തവാടിയിലാണ്.

**************************

<u>പാലക്കാട്-ഉപതെരഞ്ഞെടുപ്പ് (ഇൻട്രോ)</u>

പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ മുന്നണി സ്ഥാനാർത്ഥികൾ ഇന്ന് മണ്ഡലത്തിലെ വിവിധ ഇടങ്ങളിൽ പ്രചാരണം നടത്തി.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാപ്രതിനിധി ഫൈസൽ അലിമുത്ത്.
(വോയ്സ്)

RNU TVPM

**************************

<u>ചേലക്കര -ഉപതെരഞ്ഞെടുപ്പ്</u>

ചേലക്കര ഉപതെരഞ്ഞെടുപ്പിൽ മൂന്ന് മുന്നണി സ്ഥാനാർത്ഥികളും പരമാവധി വോട്ടർമാരെ നേരിട്ടുകണ്ട് വോട്ടഭ്യർഥിക്കാനുള്ള തിരക്കിലാണ്. എൽഡിഎഫ് സ്ഥാനാർത്ഥി യു ആർ പ്രദീപ് മുള്ളൂർക്കര, പഴയന്നൂർ, എളനാട്, എന്നിവിടങ്ങളിലെ കൺവെൻഷനുകളിൽ പങ്കെടുത്തു. യു.ഡി.എഫ് സ്ഥാനാർഥി രമ്യ ഹരിദാസ് കുടുംബ സദസ്സുകളുടെ കൂട്ടായ്മകളിലാണ് പങ്കെടുത്തത്. എൻ.ഡി.എ സ്ഥാനാർഥി കെ ബാലകൃഷ്ണൻറെ പ്രചാരണം പാഞ്ഞാൾ പഞ്ചായത്തിലാണ്.

**************************

## ലോകബാങ്ക് -റെഡി തൽഹാബിയ

ലോകബാങ്കിന്റെ വാർഷിക യോഗത്തിൽ കേരളത്തിന്റെ ആരോഗ്യരംഗത്തെ അഭിനന്ദിച്ച് പ്രമുഖ മാധ്യമ പ്രവർത്തകയും മോഡറേറ്ററും എഴുത്തുകാരിയുമായ റെഡി തൽഹാബിയ. മാതൃശിശു ആരോഗ്യത്തിലും കുഞ്ഞുങ്ങളുടെ ശരിയായ വളർച്ച ഉറപ്പ് വരുത്തുന്നതിലും കേരളത്തിന്റേത് സമഗ്രമായ സമീപനമാണെന്ന് റെഡി തൽഹാബിയ ചർച്ചയിൽ പങ്കടുത്ത ആരോഗ്യമന്ത്രി വീണാ ജോർജ്ജിനെ അറിയിച്ചു.

**************************

## ശബരിമല-അരവണ (ഇൻട്രോ)

ശബരിമലയിൽ ഉപയോഗശൂന്യമായ പഴയ അരവണ നീക്കം ചെയ്യൽ പുരോഗമിക്കുന്നു. 6.65ലക്ഷം അരവണ ടിന്നുകൾ പൂർണമായും രണ്ട് ദിവസത്തിനുള്ളിൽ സന്നിധാനത്തുനിന്നും നീക്കം ചെയ്യും.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രീജി ശ്രീധർ.

(വോയ്സ്)

**************************

## പൂരം

തൃശൂർ പൂരം അലങ്കോലപ്പെട്ടുവെന്നല്ല അലങ്കോലപ്പെടുത്താൻ ശ്രമങ്ങൾ ഉണ്ടായി എന്ന നിലപാടാണ് സർക്കാർ എല്ലാ കാലത്തും സ്വീകരിച്ചതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പൂരം അലങ്കോലപ്പെടുത്താൻ ശ്രമിച്ചവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പ്രസ്ഥാവനയിൽ അറിയിച്ചു. പൂരം അട്ടിമറിക്കപ്പെട്ടുവെന്ന് സ്ഥാപിക്കുവാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. എന്നാൽ പൊലീസിനെ ഉൾപ്പെടെ ഉപയോഗിച്ച് സർക്കാർ പൂരം അലങ്കോലപ്പെടുത്തിയതെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ ആരോപിച്ചു.

RNU TVPM

*************************

## ദേശീയ ആയുർവേദ ദിനം

നാളെ ദേശീയ ആയുർവേദ ദിനം . ലോകാരോഗ്യത്തിന് ആയുർവേദത്തിന്റെ നൂതന രീതികൾ എന്നതാണ് ഒമ്പതാമത് ദേശീയ ആയുർവേദ ദിന സന്ദേശം . തിരുവനന്തപുരം ജില്ലയിലെ ദിനാചരണ പരിപാടികൾക്ക് വർക്കല ജില്ലാ ആയുർവേദ ആശുപത്രിയിൽ നടക്കുന്ന വിളംബര ഘോഷയാത്രയോടുകൂടി തുടക്കം കുറിക്കും.

*************************

## ആയുഷ്മാൻ ഭാരത് ആരോഗ്യ ഇൻഷുറൻസ്

കുടുംബത്തിൻറെ വാർഷിക വരുമാനം പരിഗണിക്കാതെ 70 വയസ്സ് കഴിഞ്ഞ എല്ലാവരെയും ആയുഷ്മാൻ ഭാരത് ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തുന്ന പദ്ധതിയ്ക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ തുടക്കം കുറിക്കും. നാലരക്കോടി കുടുംബങ്ങളിലെ ആറ് കോടിയോളം മുതിർന്ന പൗരന്മാർക്ക് അഞ്ച് ലക്ഷം രൂപയുടെ പരിരക്ഷ ലഭിക്കുന്നതാണ് പദ്ധതി. പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പോർട്ടലിലോ ആയുഷ്മാൻ ആപ്പിലോ രജിസ്റ്റർ ചെയ്താണ് പദ്ധതിയുടെ ഭാഗമാകുന്നത്. കേരളത്തിൽ അക്ഷയകേന്ദ്രങ്ങളിൽ ഇതിനുള്ള സൗകര്യം ലഭിക്കും.

*************************

*******************

*********

RNU TVPM